കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച സ്പെഷ്യൽ ഫണ്ട്

5(208) ശ്രീ. പി. ജെ. ജോയി :

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി കോളനികളിലെ വൈദ്യുതീകരണം, റോഡു നന്നാക്കൽ, വീടുകളുടെ മെയിന്റനൻസ് മുതലായവയ്ക്കായി കേന്ദ്ര ഗവൺമെന്റിന്റെ കാലത്ത് എന്തെങ്കിലും സ്പെഷ്യൽ ഫണ്ട് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ബി) ഈ തുക എപ്രകാരം ചെലവഴിച്ചു എന്ന് വിശദീകരിക്കാമോ ;

(സി) ഇതിന്റെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര ഗവൺമെന്റിന് നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

പട്ടികജാതി അപേക്ഷകർക്ക് നൽകിയിട്ടുള്ള വ്യവസായ വായ്പകൾ

6(209) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി ക്ഷേമ കോർപ്പറേഷൻ മുഖേന ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2000 നവംബർ 30 വരെ എത്ര പട്ടികജാതി അപേക്ഷകർക്ക് വ്യവസായ വായ്പകൾ അനുവദിച്ചിട്ടുണ്ട് ; അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അറിയിക്കുമോ ;

(ബി) ഇതിലേക്ക് വേണ്ടി ഇതേ കാലങ്ങളിൽ മൊത്തം എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) രൂക്ഷമായ തൊഴിലില്ലായ്മ കണക്കാക്കി കൂടുതൽ തുക ഇതിലേക്ക് വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 192 പേർക്ക്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.†

(ബി) 74.29 ലക്ഷം രൂപ.

---

†അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(സി) കോർപ്പറേഷൻ മറ്റു സ്വയം തൊഴിൽ വായ്പകൾ നൽകുന്നുണ്ട്. അടുത്ത വർഷത്തെ പദ്ധതിയിൽ വ്യവസായ സംരംഭകർക്കായി കൂടുതൽ തുക വകയിരുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

പട്ടികജാതി വിദ്യാർത്ഥിയെ പീഡിപ്പിച്ചതായി പരാതി

7(210). ശ്രീ. എൻ. കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഊർങ്ങാട്ടിരി പഞ്ചായത്തിലെ കൂത്തുപറമ്പ് ജി.എൽ.പി. സ്കൂളിലെ പട്ടികജാതിയിൽപ്പെട്ട 2-ാം ക്ലാസ് വിദ്യാർത്ഥി പ്രദീപ് എന്ന കുട്ടിയെക്കൊണ്ട് മറ്റൊരു വിദ്യാർത്ഥിനിയുടെ മലവിസർജ്യം കോരിച്ചത് സംബന്ധിച്ച പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ സംഭവത്തിനുശേഷം കുട്ടി സ്കൂളിൽ പോകാൻ വിസ്സമ്മതിക്കുന്ന വിവരം സർക്കാർ ഗൗരവമായി കാണുമോ;

(ഡി ഹരിജൻ വിദ്യാർത്ഥിയെ പീഡിപ്പിച്ചവർക്കെതിരെ നടപടി എടുക്കുന്നതിനു പകരം പരാതി കൊടുത്തതിന്റെ പേരിൽ കുട്ടിയുടെ പിതാവിന്റെ സൈരജീവിതം തടസ്സപ്പെടുത്തുന്ന കാര്യം സർക്കാർ ഗൗരവമായി കാണുമോ;

(ഇ) ഈ സംഭവത്തെക്കുറിച്ച് ശരിയായ ഒരു അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടിയെടുക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രദീപ് എന്ന വിദ്യാർത്ഥിയുടെ അച്ഛൻ താമരശ്ശേരി രാമചന്ദ്രൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പുതുശ്ശേരി മാണിമാസ്റ്റർ, മണ്ണിൽതൊക്ക് ഇബ്രാഹിം എന്നിവരെ പ്രതിചേർത്ത് പട്ടികജാതി പട്ടികവർഗ്ഗ പീഡന നിരോധന നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ താഴെപ്പറയുന്ന കാര്യങ്ങൾ അറിവായി. മാനസികവളർച്ച പൂർണ്ണമല്ലാത്ത രണ്ടാംക്ലാസ് വിദ്യാർത്ഥിനിയായ ജിംഷലയുടെ ഉടുപ്പിൽ പറ്റിയ മലം തൊട്ടടുത്ത വിദ്യാർത്ഥിനിയായ സബിതയുടെ ഉടുപ്പിലും ബഞ്ചിലും ആയതറിഞ്ഞ ആ ക്ലാസിലെ മറ്റൊരു വിദ്യാർത്ഥിയായ ഷാഹിദ് അറബി അദ്ധ്യാപകനായ നാണി മാഷിനോടു പറഞ്ഞുവെന്നും ഇബ്രാഹിം മാസ്റ്ററുമായി ആലോചിച്ച് നാണി മാസ്റ്റർ രണ്ടുകുട്ടികളേയും അപ്പോൾത്തന്നെ വീട്ടിലേക്ക് പറഞ്ഞുവിട്ടുവെന്ന് പരാതിക്കാരന്റെ മകനായ പ്രദീപും ഷാഹിദും ചേർന്ന് സ്വന്തം ഇഷ്ടപ്രകാരം ബഞ്ച് ക്ലാസിനു പുറത്തുള്ള പൈപ്പിനടുത്തേക്ക് പിടിച്ചിട്ട് വെള്ളമൊഴിച്ച് വൃത്തിയാക്കിയതാണെന്നും ഇത് കണ്ട് മറ്റു വിദ്യാർത്ഥികൾ കൂകി വിളിച്ചുവെന്നും കൂകിവിളികേട്ട് സ്ഥലത്ത് എത്തിയ അദ്ധ്യാപകൻ കൂകി

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - V

[19-12-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6 (209)- ന്റെ 'എ' ഉത്തരം ദയവായി കാണുക]

30-11-2000 വരെ നൽകിയിട്ടുള്ള വ്യവസായ വായ്പയുടെ ജില്ല തിരിച്ചുള്ള കണക്ക്

ക്രമനമ്പർ	ജില്ല	അനുവദിച്ച വായ്പകളുടെ എണ്ണം
(1)	(2)	(3)
1	തിരുവനന്തപുരം	89
2	കൊല്ലം	26
3	പത്തനംതിട്ട	5
4	ആലപ്പുഴ	13
5	കോട്ടയം	14
6	ഇടുക്കി	3
7	എറണാകുളം	2
8	തൃശൂർ	17
9	പാലക്കാട്	9
10	മലപ്പുറം	4
11	കോഴിക്കോട്	1
12	വയനാട്	4
13	കണ്ണൂർ	3
14	കാസർഗോഡ്	2
		192

LIBRARY ARCHIVES Kerala Legislative Assembly